**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 83** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കിഫ്ബി ധനസഹായത്തോടെ പുതുക്കാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്, പുതുക്കാട് -മുപ്ലിയം - കോടാലി റോഡ്, മലയോര ഹൈവേ വിളങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള ഭാഗം, നിർമ്മാണം തുടങ്ങിയ പ്രവൃത്തികളുടെ നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പുതുക്കാട് മണ്ഡലങ്ങളിലായി സ്ഥിതി ചെയുന്ന പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്, പുതുക്കാട് മുപ്ലിയം കോടാലി റോഡ്, മലയോര ഹൈവേ വിളങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള ഭാഗം എന്നീ പദ്ധതികളുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു:

1) **<u>പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്:</u>**

കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ്. പ്രസ്തുത ഓവർ ബ്രിഡ്ജിനു 27.07.2016 തീയതിയിലെ G.O(Rt)No.1324/2016/PWD ഉത്തരവ് പ്രകാരം 40 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 06.06.2025 തീയതിയിലെ PWD005-05/APR-3/2025/KIIFB ഉത്തരവ് പ്രകാരം 41.56 കോടി രൂപയ്ക്കു പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്നു തവണ ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും, ലഭിച്ച ടെണ്ടർ തുക എസ്റ്റിമേറ്റ് തുകയെക്കാൾ കൂടുതലായിരുന്നതിനാൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. സർക്കാരിന്റെ നിർദേശപ്രകാരം കോൺട്രാക്ടറുമായി നെഗോസിയേഷൻ നടത്തിയെങ്കിലും ടെണ്ടർ തുക കുറയ്ക്കാൻ സാധിക്കില്ലെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്. അതിനാൽ, സർക്കാർ നിർദേശാനുസരണം റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രവൃത്തി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

2) **<u>പുതുക്കാട് മുപ്ലിയം കോടാലി റോഡ്:</u>**

കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് പുതുക്കാട് മുപ്ലിയം കോടാലി റോഡ്. പ്രസ്തുത റോഡിന് 01/11/2016 തീയതിയിലെ G.O(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 17.10.2025 തീയതിയിലെ PWD004-11/APR-1/2025/KIIFB ഉത്തരവ് പ്രകാരം 74.48 കോടി രൂപയ്ക്കു പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് 72.95 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭ്യമാക്കി ടെൻഡർ ചെയ്യുകയും ചെയ്തു.

പ്രസ്തുത പ്രവൃത്തി 30.10.2025-ന് ടെൻഡർ ചെയ്യുകയും 14.11.2025-ന് ടെക്നിക്കൽ ബിഡ്ഡുകൾ തുറക്കുകയും ചെയ്തു. 18.12.2025-ന് ഫിനാൻഷ്യൽ ബിഡ്ഡുകൾ തുറന്നപ്പോൾ M/s BAAB Constructions India Limited ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നുവെങ്കിലും, സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ച മുൻഗണനയുടെ അടിസ്ഥാനത്തിൽ ULCCS-നെ L1 ബിഡ്ഡറായി പരിഗണിക്കുകയുണ്ടായി. എന്നാൽ M/s BAAB Constructions India Limited W.P.(C) No.1167/2026 ഫയൽ ചെയ്യുകയും 02.02.2026-ലെ ഹൈക്കോടതി വിധിപ്രകാരം M/s BAAB Constructions India Limited-ന് പ്രവൃത്തി അനുവദിക്കുകയും 10.03.2026-ന് Letter of Acceptance നൽകുകയും ചെയ്തതായി പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

3) <u>**മലയോര ഹൈവേ -വിലങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള റോഡ്**</u>

കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന മലയോര ഹൈവേ വിലങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള റോഡിനു 10/07/2017 തീയതിയിലെ G.O(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. പുതുക്കാട്/ഒല്ലൂർ നിയോജകമണ്ഡലത്തിൽ വരുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ വെള്ളികുളങ്ങര റോഡിന് 20.03.2022-ൽ PWD013-31/TE-1/2022/KIIFB ഉത്തരവ് പ്രകാരം 136.499 കോടി രൂപയ്ക്കു കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി-യിൽ നിന്നും ലഭിച്ച വിവര പ്രകാരം പ്രസ്തുത പ്രവൃത്തിയിൽ പുതുക്കാട് മണ്ഡലത്തിൽ വരുന്ന 5.50 കീ.മീ. നീളത്തിലുള്ള മലയോര ഹൈവേയുടെ പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി (Ch 14/514 to 20/014) വരെയുള്ള ഭാഗം റോഡിനു 24.10.2025-ൽ 44.52 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

<u>**മറുപടി:**</u> മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ ഏതെല്ലാമാണ്; അവയുടെ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>**മറുപടി:**</u> മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**